ക്ഷീരവികസന വകുപ്പിലെ അപ്ഗ്രേഡ് ചെയ്യുന്ന തസ്തികകൾ

76 [3427] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പിൽ തസ്തികകൾ അപ്ഗ്രേഡ് ചെയ്യുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകൾ; വിശദാംശം അറിയിക്കുമോ;

(സി) ഈ ആവശ്യത്തിലേക്കായി ഏതെങ്കിലും സംഘടനകളോ, വ്യക്തികളോ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉദ്ദേശ്യമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്. ക്ഷീരവികസനവകുപ്പിലെ അസോസിയേഷൻ ഓഫ് ഡയറി ഓഫീസേഴ്സ് എന്ന സംഘടന, ടി വകുപ്പിലെ ക്ഷീരവികസന ആഫീസർമാരുടെ പ്രൊമോഷൻ സാദ്ധ്യത വിരളമായതിനാൽ ജില്ലകളിലെ ടെക്നിക്കൽ അസിസ്റ്റന്റ് എന്ന തസ്തിക (ക്ഷീരവികസന ആഫീസർ തസ്തികയ്ക്കു തുല്യം) അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിലേക്ക് അപ്ഗ്രേഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നിവേദനം സർക്കാരിന് ലഭിക്കുകയുണ്ടായി. നിവേദനം സർക്കാർ പരിശോധിക്കുകയും, സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുവാൻ ഒരു ശമ്പളകമ്മീഷനെ നിയമിച്ചിരിക്കുന്ന സാഹചര്യത്തിൽ, നിവേദനത്തിലെ ആവശ്യവും ശമ്പളകമ്മീഷൻ മുമ്പാകെ സമർപ്പിക്കുവാൻ ടി സംഘടനയ്ക്ക് നിർദ്ദേശം നൽകി ഫയൽ തീർപ്പാക്കിയിട്ടുണ്ട്.

പശുക്കളുടെ സെൻസസ്

77 [3428] ശ്രീ. ജോർജ് ജെ. മാത്യു:
,, പി. ടി. തോമസ്:
,, ടി. യു. രാധാകൃഷ്ണൻ:
,, എം. എ. വാഹിദ്:
,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ഒടുവിൽ പശുക്കളുടെ സെൻസസ് എടുത്തതെന്നാണ്;

(ബി) അതനുസരിച്ച് സംസ്ഥാനത്തൊട്ടാകെ എത്ര പശുക്കളുണ്ട്;

(സി) മുൻ സെൻസസിനെ അപേക്ഷിച്ച് ഇത് കൂടുതലാണോ കുറവാണോ എന്ന് പറയുമോ;

(ഡി) കുറവാണെങ്കിൽ അതിനുള്ള കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2003 ഒക്ടോബർ മാസം.

(ബി) 19.4 ലക്ഷം.

(സി) 14.73 ശതമാനം കുറവാണ്.

(ഡി) കഴിഞ്ഞ കുളമ്പുരോഗം പൊട്ടിപുറപ്പെടൽ, വർദ്ധിച്ചുവരുന്ന തീറ്റചെലവ്, സംരക്ഷണ ചെലവ് തുടങ്ങിയവ താങ്ങാനാവാതെ കർഷകർ കന്നുകാലി വളർത്തലിൽനിന്ന് മാറി പോയിട്ടുണ്ട്. കൂടാതെ മെച്ചപ്പെട്ട തീറ്റപുല്ലിന്റെ ദൗർലഭ്യവും കന്നുകാലി വളർത്തലിൽനിന്നും വിട്ടുനിൽക്കുവാൻ കർഷകരെ നിർബന്ധിതരാക്കുന്നു.

കുളമ്പുരോഗ പ്രതിരോധത്തിനുള്ള കുത്തിവയ്പ് നടത്തുന്നതിൽ നിന്നുള്ള വരുമാനം

78 [3429] ശ്രീ. സി. പി. മുഹമ്മദ്:

,, ടി. വി. ചന്ദ്രമോഹൻ:

,, ലൂഡി ലൂയിസ്:

,, ഡി. സുഗതൻ:

,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളമ്പുരോഗ പ്രതിരോധത്തിനുള്ള കുത്തിവയ്പിന് പണം ഈടാക്കാറുണ്ടോ; എങ്കിൽ എന്തു തുക വീതം ഈടാക്കുന്നു;

(ബി) ഈ വർഷം ഇതുവരെ എന്തുതുക ഈയിനത്തിൽ പിരിഞ്ഞുകിട്ടി;

(സി) പശുക്കൾക്ക് ബീജാധാന കുത്തിവയ്പ് നടത്തുന്നതിന് പണം വാങ്ങുന്നുണ്ടോ; എങ്കിൽ എത്ര രൂപവീതം വാങ്ങുന്നു എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. വലിയ മൃഗങ്ങൾക്ക് (പശു, എരുമ തുടങ്ങിയവ) 5 രൂപയും ചെറിയ മൃഗങ്ങൾക്ക് (ആടിന്) 3 രൂപയും ഈടാക്കുന്നു.

(ബി) 71,22,856 രൂപ (എഴുപത്തി ഒന്ന് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി എണ്ണൂറ്റി അൻപത്തിയാറ് രൂപ) 15-3-2005 വരെ പിരിഞ്ഞുകിട്ടി.

(സി) ഉണ്ട്. ഒരു ഡോസിന് 35 രൂപാ നിരക്കിൽ വാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly